**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **11-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥിനിയുടെ സർട്ടിഫിക്കറ്റ് തിരിച്ച് നൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2013-ൽ പരിയാരം മെഡിക്കൽ കോളേജിൽ ബി.എസ്.സി. - എം.എൽ.ടി. കോഴ്സിന് ചേർന്നിട്ടുള്ള സ്വാതിക എന്ന വിദ്യാർത്ഥിനിക്ക് 2014-ൽ ആരോഗ്യ പ്രശ്നങ്ങളാൽ പഠനം നിർത്തേണ്ടി വന്ന സാഹചര്യത്തിൽ കോളേജിൽ സമർപ്പിച്ചിട്ടുള്ള എസ്.എസ്.എൽ.സി. പ്ലസ്ടു സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; മേൽ അപേക്ഷയിൽ ഇതുവരെ എടുത്ത നടപടി എന്താണെന്നും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ബി.എസ്.സി (എം.എൽ.റ്റി) കോഴ്സിന് പ്രവേശനം നേടിയ സ്വാതിക എന്ന വിദ്യാർത്ഥിനി ആരോഗ്യപരമായ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും Liquidated damages തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ തിരികെ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രിൻസിപ്പാൾ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 2013-ലെ പാരാമെഡിക്കൽ പ്രോസ്പെക്ട്സ് പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് തുക അടയ്ക്കേണ്ടതുണ്ട്. മാനുഷിക പരിഗണന നൽകി ട്യൂഷൻ ഫീസിന്റെ 50% (78,000/- രൂപ) അടച്ചാൽ അസ്സൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാമെന്ന് പരിയാരം മെഡിക്കൽ കോളേജ് (ACMC) മാനേജ്മെന്റ് അറിയിപ്പ് നൽകിയിരുന്നെങ്കിലും സ്വാതിക തുക അടയ്ക്കുവാനോ അസ്സൽ സർട്ടിഫിക്കറ്റുകൾ കൈപറ്റുവാനോ തയ്യാറായിട്ടില്ല. പഠനം ഇടയ്ക്ക് വച്ച് അവസാനിപ്പിച്ചത് മറ്റൊരാളുടെ പഠനത്തിനുള്ള അവസരം നഷ്ടപ്പെടുത്തുകയും സ്ഥാപനത്തിന് ഏകദേശം 1,56,000/- രൂപ നഷ്ടം സംഭവിച്ചതായും സ്ഥാപന മേധാവി അറിയിച്ചിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ് മാർച്ച് 2019 ന് സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥിനി വീണ്ടും അപേക്ഷ നൽകിയിരുന്നു. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടിയാൽ മാത്രമേ വിദ്യാർത്ഥിനിക്ക് വിവിധ സ്ഥാപനങ്ങളിൽ പഠിക്കുവാനോ ജോലിനേടുവാനോ സാധിക്കുകയുള്ളൂ എന്നിരിക്കെ അവ വേഗം തിരികെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ബി.എസ്.സി (എം.എൽ.റ്റി) കോഴ്സിന് പ്രവേശനം നേടിയ സ്വാതിക എന്ന വിദ്യാർത്ഥിനി ആരോഗ്യപരമായ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും Liquidated damages തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ തിരികെ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രിൻസിപ്പാൾ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | 2013-ലെ പാരാമെഡിക്കൽ പ്രോസ്പെക്ടസ് പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് തുക അടയ്ക്കേണ്ടതുണ്ട്. മാനുഷിക പരിഗണന നൽകി ട്യൂഷൻ ഫീസിന്റെ 50% (78,000/- രൂപ) അടച്ചാൽ അസ്സൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാമെന്ന് പരിയാരം മെഡിക്കൽ കോളേജ് (ACMC) മാനേജ്മെന്റ് അറിയിപ്പ് നൽകിയിരുന്നെങ്കിലും സ്വാതിക തുക അടയ്ക്കുവാനോ അസ്സൽ സർട്ടിഫിക്കറ്റുകൾ കൈപറ്റുവാനോ തയ്യാറായിട്ടില്ല. പഠനം ഇടയ്ക്ക് വച്ച് അവസാനിപ്പിച്ചത് മറ്റൊരാളുടെ പഠനത്തിനുള്ള അവസരം നഷ്ടപ്പെടുത്തുകയും സ്ഥാപനത്തിന് ഏകദേശം 1,56,000/- രൂപ നഷ്ടം സംഭവിച്ചതായും സ്ഥാപന മേധാവി അറിയിച്ചിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ് മാർച്ച് 2019 ന് സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥിനി വീണ്ടും അപേക്ഷ നൽകിയിരുന്നു. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ